"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - മതസ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള മന്ദിരങ്ങൾ, മഠങ്ങൾ, കോൺവെന്റുകൾ, ആശ്രമങ്ങൾ, മതവുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ താമസിക്കുന്ന കന്യാസ്ത്രീകൾ/സന്യാസിനിമാർക്കുള്ള പ്രത്യേക സാമൂഹ്യസുരക്ഷാ പദ്ധതി - അർഹതാ മാനദണ്ഡങ്ങൾ നിശ്ചയിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(എഫ്.എം)വകുപ്പ്**

സ.ഉ.(കൈ) നം.73/2026/LSGD തീയതി,തിരുവനന്തപുരം, 06-03-2026

---

പരാമർശം:-
1. സ.ഉ(കൈ)97/2020/ധന തീയതി 23.09.2020
2. സ.ഉ(കൈ)30/2023/ധന തീയതി 27.02.2023
3. സ.ഉ.(അച്ചടി) നം. 12/2026/എൽ.എസ്.ജി.ഡി തീയതി 12-02-2026

**<u>ഉത്തരവ്</u>**

മതസ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള മന്ദിരങ്ങൾ, മഠങ്ങൾ, കോൺവെന്റുകൾ, ആശ്രമങ്ങൾ, മതവുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ താമസിക്കുന്ന കന്യാസ്ത്രീകൾ ഉൾപ്പെടെയുള്ള അർഹരായ സ്ത്രീകൾക്ക് ഒരു പ്രത്യേക സാമൂഹ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിന് അംഗീകാരം നല്കി പരാമർശം 3 പ്രകാരം സർക്കാർ ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരമുള്ള പദ്ധതിയുടെ അർഹതാ മാനദണ്ഡങ്ങൾ നിശ്ചയിച്ചും മാർഗ്ഗനിർദ്ദേശങ്ങൾ നൽകിക്കൊണ്ടും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതു അർഹതാ മാനദണ്ഡങ്ങൾ**

1. അപേക്ഷകർ വിവിധ മതസ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മന്ദിരങ്ങൾ, മഠങ്ങൾ, കോൺവെന്റുകൾ, ആശ്രമങ്ങൾ, മതസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സന്യസ്ത/ആശ്രമ ജീവിതം നയിക്കുന്ന സ്ത്രീകൾ ആയിരിക്കണം.

2.അപേക്ഷകർ അപേക്ഷാസമയത്ത് 50 വയസ്സ് പൂർത്തിയായവരും അവിവാഹിതരുമായിരിക്കണം.

3.അപേക്ഷകർ കേരള സംസ്ഥാനത്ത് സ്ഥിരതാമസം ഉള്ളവർ ആയിരിക്കണം.

4. അപേക്ഷകരുടെ പേരിൽ രണ്ടേക്കറിൽ കൂടുതൽ വസ്തുവോ, 2000 ചതുരശ്ര അടിയിൽ കൂടുതൽ വിസ്തീർണ്ണമുള്ളതും ആധുനിക രീതിയിൽ ഫ്ലോറിംഗ് നടത്തിയിട്ടുള്ളതും, എയർ കണ്ടീഷണർ ഉള്ളതും, കോൺക്രീറ്റ് ചെയ്തതുമായ കെട്ടിടങ്ങളോ ഉണ്ടാകാൻ പാടുള്ളതല്ല.

5. അപേക്ഷകർ 1000 സി.സി.യിൽ കൂടുതൽ എൻജിൻ കപ്പാസിറ്റിയുള്ള ടാക്സി അല്ലാത്ത നാലോ അതിലധികമോ ചക്രങ്ങളുള്ള വാഹനങ്ങൾ/ലോറി/ബസ്/ ടെമ്പോ/ട്രാവലർ സ്വന്തമായി ഉള്ള വ്യക്തികൾ ആകരുത്.

6. അപേക്ഷകർ കേന്ദ്ര/സംസ്ഥാന സർക്കാരുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ ,സർവ്വകലാശാലകൾ, മറ്റ് സ്വയംഭരണ/ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ എന്നിവയിൽനിന്നും ശമ്പളം/സർവീസ് പെൻഷൻ എന്നിവ ലഭിക്കുന്നവരോ സർക്കാരിന്റെ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ, ക്ഷേമനിധി ബോർഡ് പെൻഷനുകൾ എന്നിവ ലഭിക്കുന്നവരോ ആകരുത്. എന്നാൽ പ്രതിമാസം 4000/- രൂപയിൽ കുറവ് ഇ.പി.എഫ്/എൻ.പി.എസ്/എക്സ്ഗ്രേഷ്യ പെൻഷൻ ലഭിക്കുന്ന അപേക്ഷകർക്ക് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്.

7. കേന്ദ്ര/സംസ്ഥാന സർക്കാർ സർവീസ്, കേന്ദ്ര/സംസ്ഥാന സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങൾ, പദ്ധതികൾ, സർവകലാശാലകൾ, മറ്റ് സ്വയംഭരണ/ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ എന്നിവയിൽ സ്ഥിരം/കരാർ നിയമനം ലഭിക്കുന്നതോടെ അപേക്ഷകർക്ക് ആനുകൂല്യത്തിന് അർഹത ഇല്ലാതാകുന്നതാണ്.

8. ഈ പദ്ധതിയുടെ പ്രതിമാസ ആനുകൂല്യം അതാത് സമയത്തെ സാമൂഹ്യ സുരക്ഷാ പെൻഷനു ബാധകമായ പ്രതിമാസ തുക ആയിരിക്കും.

**മാർഗ്ഗനിർദ്ദേശങ്ങൾ**

1. അപേക്ഷകർ ksmart.lsgkerala.gov.in മുഖേന സ്ഥിരമായി താമസിക്കുന്ന കോർപ്പറേഷൻ/മുനിസിപ്പാലിറ്റി/പഞ്ചായത്തിൽ അപേക്ഷ സമർപ്പിക്കണം.

2. അപേക്ഷകയുടെ ആധാർ, അപേക്ഷകയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് വിവരങ്ങൾ എന്നിവ അപേക്ഷയോടൊപ്പം സമർപ്പിക്കണം.

3. ജനന സർട്ടിഫിക്കറ്റ്, പാസ്പോർട്ട്, സ്കൂൾ രേഖ എന്നിവ പ്രായം തെളിയിക്കുന്നതിന് ഉപയോഗിക്കാം. മേൽ രേഖകളുടെ അഭാവത്തിൽ അപേക്ഷകയുടെ പ്രായം തെളിയിക്കുന്നതിന് , മറ്റു രേഖകളില്ലെന്ന് സ്വയം സാക്ഷ്യപ്പെടുത്തലോടൊപ്പം , ഡോക്ടറുടെ സർട്ടിഫിക്കറ്റ് പ്രായം തെളിയിക്കുന്ന രേഖയായി ഉപയോഗിക്കാം. ഈ വ്യവസ്ഥ ദുരുപയോഗം ചെയ്താൽ കൈപ്പറ്റിയ

തുക നിശ്ചിത പലിശ സഹിതം തിരികെ ഈടാക്കുന്നതും തുടർന്ന് സർക്കാരിൽ നിന്നുള്ള ആനുകൂല്യങ്ങൾക്ക് അർഹത ഇല്ലാതാകുന്നതുമാണ്.

4. അപേക്ഷകർ മതസ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള മന്ദിരങ്ങൾ, മഠങ്ങൾ, കോൺവെന്റുകൾ, ആശ്രമങ്ങൾ, മതവുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ താമസിക്കുന്നതായി മതസ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം അപേക്ഷയോടൊപ്പം സമർപ്പിക്കണം.

5. സന്യസ്ത ജീവിതം സ്വീകരിക്കുന്നതിന് മുൻപ് ഉപയോഗിച്ചിരുന്ന പേര് ആണ് അപേക്ഷകർ സമർപ്പിക്കുന്ന രേഖകളിൽ ഉള്ളതെങ്കിലോ, സന്യസ്ത ജീവിതം സ്വീകരിച്ച ശേഷമുള്ള പേരും മുൻപുള്ള പേരും രേഖകളിൽ വരുന്നുവെങ്കിലോ രണ്ടു പേരുകളും ഉപയോഗിക്കുന്ന വ്യക്തി ഒരാൾ ആണെന്ന മതസ്ഥാപന മേധാവിയുടെ പ്രസ്താവന കൂടി മതസ്ഥാപന മേധാവി നൽകുന്ന സാക്ഷ്യപത്രത്തോടൊപ്പം സമർപ്പിക്കേണ്ടതാണ്.

6. സമർപ്പിച്ച അപേക്ഷകളിൽ അതത് കോർപ്പറേഷൻ/മുനിസിപ്പാലിറ്റി/പഞ്ചായത്ത് സെക്രട്ടറി അല്ലെങ്കിൽ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ പരിശോധന നടത്തി റിപ്പോർട്ട് സഹിതം കൗൺസിൽ/കമ്മിറ്റി അംഗീകാരത്തിന് സമർപ്പിക്കണം.

7. അപേക്ഷിച്ച തീയതി മുതൽ 45 ദിവസത്തിനുള്ളിൽ അപേക്ഷ അംഗീകരിക്കുകയോ നിരസിക്കുകയോ ചെയ്യണം.

8. ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ വരുന്ന മതസ്ഥാപനത്തിൽ നിന്ന് മറ്റൊരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ വരുന്ന മതസ്ഥാപനത്തിലേക്ക് സ്ഥലം മാറി പോകുന്ന സാഹചര്യത്തിൽ ആദ്യം താമസിച്ചിരുന്ന മതസ്ഥാപനത്തിലെ മേധാവി നൽകുന്ന സ്ഥലംമാറ്റ സാക്ഷ്യപത്രവും, സ്ഥലം മാറി എത്തുന്ന മതസ്ഥാപനത്തിലെ മേധാവിയുടെ സാക്ഷ്യപത്രവും ഉൾപ്പെടുത്തി പുതിയ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പരിഗണനയ്ക്കായി അപേക്ഷ സമർപ്പിക്കേണ്ടതാണ്.

9. ആനുകൂല്യം ലഭിക്കുന്ന ഗുണഭോക്താക്കൾ വാർഷിക മസ്റ്ററിംഗ് നടത്തണം.

10. കൗൺസിൽ/കമ്മിറ്റി അംഗീകരിച്ച അപേക്ഷകൾ സെക്രട്ടറി ഡിജിറ്റലായി ഒപ്പുവെക്കുന്ന തീയതി മുതൽ മാത്രമേ ആനുകൂല്യം ലഭിക്കൂ.

11. ഗുണഭോക്താവ് മരണപ്പെട്ട ശേഷം പദ്ധതിയുടെ ആനുകൂല്യത്തിന് മറ്റാർക്കും അർഹത ഉണ്ടായിരിക്കില്ല.

12. അനർഹമായി ആനുകൂല്യം കൈപ്പറ്റുന്നവരിൽ നിന്നും 18% പലിശ സഹിതം തുക തിരികെ ഈടാക്കും.

13. ഗുണഭോക്താവ് ഒരു മാസമോ അതിലധികമോ കാലം റിമാൻഡിൽ കഴിയുകയോ ജയിലിൽ അടയ്ക്കപ്പെടുകയോ ചെയ്താൽ ആ കാലയളവിൽ പെൻഷൻ അർഹത ഉണ്ടായിരിക്കില്ല. ബന്ധപ്പെട്ട വിവരങ്ങൾ ജയിൽ വകുപ്പ് അതത് പ്രാദേശിക സർക്കാരിൽ റിപ്പോർട്ട് ചെയ്യണം. റിമാൻഡ്/ശിക്ഷാ കാലാവധി കഴിഞ്ഞാൽ പെൻഷൻ പുനഃസ്ഥാപിക്കണം.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സെക്രട്ടറി

1. തദ്ദേശ സ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ
2. എല്ലാ ഗ്രാമപഞ്ചായത്ത്/മുൻസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറിമാർക്കും (തദ്ദേശ സ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
3. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം.
4. മാനേജിംഗ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്
5. അക്കൗണ്ടന്റ് ജനറൽ(എ&ഇ)/ഓഡിറ്റ് -II) കേരളം, തിരുവനന്തപുരം
6. ധനകാര്യ വകുപ്പിന് (3411496/sfc-B2/20/2026)
7. വിവര പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർക്ക്
8.സാമൂഹ്യനീതി വകുപ്പിന് (SJD-C3/39/2026-SJD)
9. പൊതുഭരണ (എസ് സി )വകുപ്പ്
10.കരുതൽ ഫയൽ/ ആഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sindhumole K A
സെക്ഷൻ ഓഫീസർ
Date: 07-03-2026 10:50:48

പകർപ്പ്:- ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു.ഉന്നത വിദ്യാഭ്യാസവും സാമൂഹിക ക്ഷേമവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു.വനിതാ ശിശുവികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി